


COLLEGE OF INDIGENOUS FOOD TECHNOLOGY (CFT-K)
CFRD, Perinjottakkal P.O; Konni, Pathanamthitta
Phone 0468-2240047, GOVT OF KERALA

# CFTK-CIBATUS

**Council for Food Research & Development, Kerala**

SECOND EDITION
JANUARY 2023

**Dr. SANJEEB PATJOSHI IPS PhD**
**CHAIRMAN & MANAGING DIRECTOR**
**CEO, COUNCIL FOR FOOD**
**RESEARCH AND DEVELOPMENT**

**SUPPLYCO**
**Food Security for Kerala**
Kerala State Civil Supplies Corporation Ltd.
Government of Kerala



**DATED: 12/12/2022**

## MESSAGE

**Warmest Greetings & Wishes** for upcoming new year **2023** to all faculties, students, officials, staff and alumni of College of Indigenous Food Technology & Council for Food Research and Development, CFRD Food Laboratory. With lots of efforts, CFRD, CFTK and lab are improving in all aspects – many student activities, revenue earning, academic curriculum, alumni networking, CFRD & CFTK website and Mobile App.

After first edition of digital magazine, CIBATUS of CFRD/CFTK in April 2022, now second edition is hereby being published in January 2023. It is digital forum for all students, alumni, faculties, scientists to showcase their research, ideas, innovation.

Long live **CFRD, CFTK**.

12/12/22

**Dr.SANJEEB PATJOSHI IPS**

**Dr. SANJEEB PATJOSHI IPS**
**CHIEF EXECUTIVE OFFICER**
Council for Food Research & Development
College of Indigenous Food Technology
Government of Kerala
Ph: 0468-2241144

COLLEGE OF INDIGENOUS FOOD TECHNOLOGY, KONNI
COUNCIL FOR FOOD RESEARCH AND DEVELOPMENT, KERALA
(Department of Food, Civil Supplies and Consumer Affairs, Government of Kerala)
Anakuthi, Perinjottakkal (P.O), Konni, Pathanamthitta, Kerala-689692
Tel: 0468-2240047, Fax: 0468-2241188, *E mail: ciftkonni@gmail.com*

Dated 12/12/2022



## Message

It gives me immense pleasure to note that our College is bringing out the second edition of digital magazine CIBATUS of CFRD-CFTK "Learning is a continuous process from the minute we are born until we die." College of Indigenous Food Technology, Konni provides a platform for every student to develop learning skills through magazines. Scanning the pages will enlighten you about the essential milestones that College has achieved this year. Besides, our budding talents have creatively expressed their thoughts, ideas, hopes, feelings, aspirations and convictions. This magazine should be a good source of guidance for coming batches of students in choosing activities of their choice in their future to build their careers. I congratulate the editorial board and students for bringing this edition of Magazine CIBATUS 2023.

I wish the venture all success.

Dr D Praveena
Principal,CFTK

# EDITORIAL BOARD 2021-22



Dr Harikrishnan R
(Staff editor)



Achuthan S
( Chairman )



Nezhar Dileep
(Magazine editor)



Anzar
(Gen. secretary)

# SUB EDITOR'S



Lakshmi Dayal



Meenu Babu



Sinara Siraj



Megha R S



Vishal KS



Saffan S

# COLLEGE UNION
## 2021-2022



ACHUTHAN S
(Chairman)



SINARA SIRAJ
(V. chairperson)



ANZAR
(Gen. secretary)



SHAIN MATHEW
(UUC)



NEZHAR DILEEP
(Magazine editor)



AKMAL HARIS
(Arts club sec.)



NOVA CHRISTIL M
(Lady rep)



CHINTU BIJU
(Lady Rep)



LAKSHMI DAYAL
(PG Rep)



ARUN
(3 UG Rep)



AMOLIKA CA
(2 UG Rep)



SURYA NARAYANAN S
(1 UG Rep

# CONTENTS


- Team Work
- ഭൂമിയിലെ സ്വർഗ്ഗം
- The Passionate Cuddle
- മഴയിൽ തളിർത്ത ഓർമ്മകൾ
- Get days to Life
- സ്ത്രീധനം നിയമപരമോ, നിയമവിരുദ്ധമോ
- വസന്തകാലം
- വേർപാട്
- Grifes and Pangs of a Mother
- ചാപല്യം
- വാക്ക്
- Be Unique
- തുറന്ന പുസ്തകം
- അനുരാഗികളുടെ ആകാശം
- Smile
- കൊറോണ ലൗവ് സ്റ്റോറി
- Drawings
- Album




Teamwork is an important buzzword in schools, universities and at offices today. We are slowly moving away from individual projects to team-based projects in an attempt to boost growth and innovation.

An individual has its set of strengths and weaknesses, but when a group of individuals come- together they are able to eliminate their weaknesses and enhance their strengths. This is the power of teamwork. By combining the strengths of team members, new heights of success can be achieved. When people work together, they think about the welfare of the group.

Teamwork is a fusion of three elements- collaboration, compromise and cooperation. When a group of individuals work together, there is bound to be friction because of differing viewpoints. However, people come to a compromise to prevent the downfall of a group. In team-based sports such as football, cricket, hockey; we witness team members leaving their differences behind and working against a common goal to defeat the opponents. We don't see competition between the members of the same team. It is true that no one can break a bundle of sticks but one can break single stick if they are no longer a part of the bundle. Similarly, it will be difficult to delete a team because 'unity is strength'.
It is true that "united we stand, divided we fall".
So, it is only when individuals leave their differences behind and work towards a common goal can achieve success. In a war, we notice the same phenomenon.

Soldiers do not think of their glory and fame when fighting for their country. They put the nation before self. In history books and in reality, we have always seen the victory of teams and the downfall of individuals. This is the beauty of teamwork.



**Sruthy A S**
Bsc IInd Year



# ഭൂമിയിലെ സ്വർഗ്ഗം

സിനിമയിലൂടെ സഞ്ചാരികളുടെ മനസ്സിൽ കയറിക്കൂടിയ ഒട്ടേറെ സ്ഥലങ്ങൾ നമ്മുടെ കൊച്ചു കേരളത്തിൽ ഉണ്ട്. അക്കൂട്ടത്തിൽ ഒന്നാണ് ഗവി. ഓർഡിനറി എന്ന മലയാള സിനിമ ഇറങ്ങിയത് മുതൽ ഗവിയിലേക്ക് എത്തുന്ന സഞ്ചാരികളുടെ എണ്ണത്തിന് യാതൊരു കുറവും ഇതുവരെ ഉണ്ടായിട്ടില്ല. പ്രകൃതിഭംഗികൊണ്ടും വന്യ മനോഹാരിതകൊണ്ടും ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഗവി പത്തനംതിട്ട ജില്ലയിലാണ് സ്ഥിതിചെയ്യുന്നത്. ഇന്ത്യയിൽ തന്നെ കണ്ടിരിക്കേണ്ട പ്രമുഖ ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിൽ ഗവി സ്ഥാനം പിടിച്ചുകഴിഞ്ഞു.

ഗവിയിലൂടെയുള്ള യാത്രയെക്കുറിച്ച് പറയുമ്പോൾ ലക്ഷ്യമല്ല യാത്രയാണ് പ്രധാനം. കാടിന്റെ ഹൃദയത്തിലൂടെ കിലോമീറ്ററുകൾ സഞ്ചരിക്കുന്നത് ഹൃദ്യമായ ഒരു അനുഭവമാണ്. പക്ഷി നിരീക്ഷകരുടെ പറുദീസ കൂടിയാണ് ഇവിടം. ട്രക്കിംഗ്, ജീപ്പ് സവാരി, ബോട്ട് റൈഡ് എന്നിവയെല്ലാം ടൂറിസത്തിന് മുതൽക്കൂട്ടാണ്. ശബരിഗിരി, കക്കാട് ജലവൈദ്യുത പദ്ധതികളുടെ മൂഴിയാർ, കക്കി, ആനത്തോട്, പമ്പ അണക്കെട്ടുകളും പുൽമേടുകളും എക്കോ പാറയും തുടങ്ങിയ വിസ്മയ കാഴ്ചകളും ഗവി ഒരുക്കുന്നു. സമുദ്രനിരപ്പിൽ നിന്ന് മുകളിൽ സ്ഥിതി ചെയ്യുന്ന പ്രദേശമായതിനാൽ വേനൽക്കാലത്ത് പോലും 10ഡിഗ്രി സെൽഷ്യസ് ചൂട് മാത്രമേ ഇവിടെ അനുഭവപ്പെടാറുള്ളൂ. വനപ്രദേശത്തെ കുളിരും കിളികളുടെ പാട്ടും എല്ലാം ആസ്വദിച്ചു കാട്ടിലൂടെയുള്ള യാത്ര സാഹസിക സഞ്ചാരികളെ സംബന്ധിച്ചിടത്തോളം അവിസ്മരണീയമായിരിക്കും.



**Archana S.**
Bsc Ist Year



# THE PASSIONATE CUDDLE

I stayed in the oblivion,
Staring deep into the untenanted,
Envisaging about thou.
Wanting you at this moment
I am truly in a saudade,
Craving for the betimes we had.
Reliving the moments nigh thou
My eyes blubbering drops
I am downright with you.
As miserable as life seems
When you're not with me
I can't help but grin,
Envisaging about how it'll be
When we meet again with
long and silent cuddles,
all my frets will melt away
when you hand out me those.
Oh, what would I bestow
For that moment to come before long
You have no idea, how I
Desperately crave to be with each other….



**Sherin Shahana**
Bsc IInd Year



# മഴയിൽ തളിർത്ത ഓർമ്മകൾ

എൻ മൗനമാനത്തെ മേഘ ദുഃഖങ്ങൾ
നിൻ നീല മിഴിയിലൂടെ മഴയായി പെയ്തപ്പോൾ
ആ മിഴിനീർ മഴയിലെൻ ആത്മാവിലാദ്യമായി
ഒരു നന്മ മുകുളത്തിൽ ഇതളുകൾ വിടരുന്നു.

നിലാവിന്റെ ചുണ്ടിൽ നിന്നും
പൊഴിഞ്ഞൊരു തേൻകണം
ഈ നീലരാവിൽ നിൻ രൂപം ചമഞ്ഞപ്പോൾ
ആ നീലരാവിൽ മോഹന സൗന്ദര്യം
ഇന്നാദ്യമായി എന്നുടെ കൺകളിൽ നിറയുന്നു.

പാപജലം നിറഞ്ഞൊരെൻ മാനസ പൊയ്കയിൽ
ഒരു കുഞ്ഞുപുണ്യ ഹൃദയവുമായി
ഒരു തോണി തുഴഞ്ഞു വന്നൊരു പ്രണയമേ
നീം പോലും അറിയാതെ അതിലൊരുനുള്ള് പുണ്യം
ഈ പുഴയിൽ വീണലിഞ്ഞത് ഞാൻ മാത്രമറിയുന്നു.
നോവിന്റെ രാഗങ്ങൾ പാപതാളങ്ങളാൽ
ശ്രുതി തെറ്റി പാടിയലഞ്ഞൊരാ കാലത്ത്
എൻ ജീവന്റെ തന്ത്രിയിൽ പ്രണയത്തിൽ ശ്രുതിയിട്ട്
അന്ന ആദ്യമായി പാടിയ ഗാനം നീ മറന്നുവോ.



**Nandana Lalu**
Bsc Ist Year



# GET DAYS TO LIFE

Days are going
Today here,
Tomorrow there:
One day we will meet new people,
Other day, you may lose many known people
Do good things as you can,
Pass all difficulties which you face:
Plant the good,
Gain the benefits:
Think about good things,
don't think of bad things:
Live your life as it is,
Listen to what your heart is saying
Later on you will feel relax;
Let the days pass as they are....



**Nova christil M**
BSc IInd year



# സ്ത്രീധനം: നിയമപരമോ നിയമവിരുദ്ധമോ?

സ്ത്രീധനം നിയമപരമോ എന്ന ചോദ്യത്തിന് ഭൂരിഭാരം പേരുടെയും ഉത്തരം നിയമവിരുദ്ധം എന്ന് തന്നെയാകും. എന്നാൽ പ്രാവർത്തിക ജീവിതത്തിൽ അങ്ങനെ തന്നെയാണോ? അല്ല എന്നായിരിക്കാം ഉത്തരം. ആധുനികവത്ക്കരണത്തിലും ശാസ്ത്ര സാങ്കേതിക വിദ്യയിലും കൊടുമുടി കയറി എന്ന് വിശ്വസിക്കുന്ന ഓരോരുത്തരും പുനഃപരിശോധിക്കേണ്ട വിഷയങ്ങളിൽ ഒന്നാണ് സ്ത്രീധനം. പ്രത്യേകിച്ചും മതസൗഹാർദ്ദവും ജനാധിപത്യവും തൂണിലും തുരുമ്പിലും ഉണ്ടെന്ന് വിശ്വസിക്കുന്ന ഇന്ത്യയിലെ ജനങ്ങൾ, സ്ത്രീധനക്കുരുതിൽ നടക്കുമ്പോൾ മാത്രം നവമാധ്യമങ്ങളും സാമൂഹികമാധ്യമങ്ങളും ഒരു നിശ്ചിത ഇടവേളകളിലായി ചർച്ച ചെയ്യുന്ന വിഷയങ്ങളിൽ ഒന്നായി സ്ത്രീധനമെന്നത് മാറി. പല വാർത്താമാധ്യമങ്ങളുടെയും പ്രവർത്തനങ്ങൾ ഇതെന്തു വിരോധാഭാസമാണ് എന്ന് തോന്നിപ്പിക്കും വിധം വരെ മാറിയിട്ടുണ്ട്. ഒരു വശത്ത് സ്ത്രീധനത്തിനെതിരായി വാർത്ത നൽകുകയും മറുവശത്ത് സ്ത്രീധനത്തിന് പ്രോത്സാഹനം നൽകുംവിതം സ്വർണ്ണാഭരണങ്ങളുടെ പരസ്യം നൽകുകയും ചെയ്യുന്നു. അതേപോലെ തന്നെയാണ് ഭരണകൂടങ്ങളും. സ്ത്രീധനം ഒരു സാമൂഹിക വിപത്തായി മാറിക്കൊണ്ടിരിക്കുമ്പോഴും ഇന്നേവരെ ഒരു ജനകീയ സർക്കാരും ഈ വിഷയത്തെ ഗൗരവകരമായ പരിഗണിച്ചതേയില്ല എന്നതാണ് ഖേദകരമായ വസ്തുത. ഭരണകൂടങ്ങൾ മാത്രമല്ല ഓരോ വ്യക്തികളും ഗൗരവകരമായി കണക്കാക്കിയിരുന്നില്ല എന്നതാണ് സത്യം. അതെ ഇന്നത്തെ സമൂഹത്തിൽ പലർക്കും ഒരു സംശയമായി നിലനിൽക്കുന്നു. സ്ത്രീധനം നിയമവിരുദ്ധമാണോ നിയമപരമാണോ എന്ന്.

സ്ത്രീധനത്തിന്റെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ നമുക്ക് മനസ്സിലാകും ഭൂതകാല ജീവിത യാഥാർത്ഥ്യതയിൽ സ്ത്രീയെ പുരുഷവർഗ്ഗത്തിന്റെ അടിമയായിട്ടാണ് കണക്കാക്കിയിരുന്നതെന്ന്. കഥകളിലും പുരാണങ്ങളിലും മാത്രമാണ് സ്ത്രീയെ മാതൃസ്നേഹം തുളുമ്പുന്ന ദൈവീക ഭാവങ്ങളായും പുരുഷന്റെ നട്ടെല്ലായും ചിത്രീകരിച്ചിരിക്കുന്നത്. അവയെല്ലാം കഥാപാത്രങ്ങൾ ആണെന്നും ജീവിതയാഥാർത്ഥ്യം മറ്റൊന്നാണെന്നുള്ളത് സത്യം. ഇത്തരത്തിലുള്ള ചരിത്രത്തിന്റെ അവശിഷ്ടങ്ങളിൽ ചവിട്ടി വന്ന ആധുനിക ജനത സ്ത്രീധനം എന്ന ദുരാചാരത്തെ കൂടെ കൊണ്ടു നടന്നില്ലെങ്കിലേ അത്ഭുതമുള്ളൂ. വിവാഹപ്രായമായ ഒരു സ്ത്രീയെ മരണംവരെ കൂടെ താമസിപ്പിക്കുന്നതിന് പുരുഷന്മാർക്ക് നൽകുന്ന അല്ലെങ്കിൽ ചോദിച്ചുവാങ്ങുന്ന പ്രതിഫലം. സ്ത്രീയെ പരിപാലിക്കുന്നതിന് പുരുഷന് കൊടുക്കുന്ന കൂലി. എന്നിങ്ങനെ പല പല വ്യാഖ്യാനങ്ങൾ സ്ത്രീധനത്തിന് നൽകാൻ കഴിയും. ഇപ്പോൾ വിവാഹമെന്നത് കാളക്കച്ചവടം പോലെ ആയിരിക്കുന്നു. തുക പറഞ്ഞ് ഉറപ്പിക്കുന്നത് വരെ പ്രദർശന വസ്തുവായി കൽപ്പിക്കുന്ന സ്ത്രീയും ഗുണാഗണങ്ങൾ അറിഞ്ഞശേഷം കച്ചവടമുറപ്പിക്കുന്ന പുരുഷകുടുംബവും സ്ത്രീധനമെന്ന സാമൂഹിക വിപത്തിന്റെ വളർച്ചയുടെ ആക്കം കൂട്ടുന്നു. താൻ വാങ്ങുന്ന സ്ത്രീകളെപ്പോലെയാണ് തന്റെ സഹോദരിമാരും പെൺകുട്ടികളും എന്ന തിരിച്ചറിവ് പോലും നഷ്ടപ്പെട്ട പുരുഷന്മാർ സ്ത്രീധനത്തിന്റെ പേരിൽ വിവാഹിബന്ധം വരെ വേർപെടുത്തുന്നു. പുരുഷ കുടുംബത്തിന് സ്ത്രീധനം കൊടുത്തില്ലെങ്കിൽ ആ സ്ത്രീ അനുഭവിക്കുന്ന ഗാർഹിക പീഢനത്തിന്റെ തോത് ചിന്തിക്കുവാൻ പോലും കഴിയാത്തതായിരിക്കും. അഥവാ ഇനി ഈ പുരുഷ കുടുംബം സ്ത്രീധനം വാങ്ങിയില്ലെങ്കിൽ തന്റെ മകൾ പുരുഷഗൃഹത്തിൽ സുഖകരമായി ജീവിക്കുന്നുണ്ടോ എന്ന വേവലാതിയായിരിക്കും ശിഷ്ടകാലം മാതാപിതാക്കൾ തള്ളിനീക്കുന്നത്.

സ്ത്രീധനത്തിന്റെ കാര്യത്തിൽ സ്ത്രീകൾ ഒരു പരിധിവരെ കണ്ണടച്ചു എന്നു പറയാൻ കഴിയില്ല. ഒരു നിശ്ചിതകാലംവരെ പൂർണ്ണമായും കണ്ണടച്ചിരുട്ടാക്കി എന്നതാണ് നഗ്നസത്യം. വിവാഹ വേദികളിലെ വധുവിന്റെ കയ്യിലും കഴുത്തിലും എത്രയുണ്ട് എന്ന അധഃപധിതക്ലീഷേ ചോദ്യം ചോദിക്കുന്ന സ്ത്രീ സമൂഹം തന്നെയാണ് അതിനു മികച്ച ഒരു ഉദാഹരണം. ഒരു വധുവിന്റെ സമൂഹത്തിലുള്ള ഉത്തവാദിത്വങ്ങളെപ്പറ്റിയുള്ള ചർച്ചകളും സ്ത്രീധനത്തെപ്പറ്റിയുള്ള ചർച്ചകളും ഒരു ത്രാസിൽ എടുത്താൽ അവ



തമ്മിലുള്ള വ്യത്യാസം ഏതാണ്ട് അജഗജാന്തരം പോലെയാണ്. ഭർത്താവിന്റെ അല്ലെങ്കിൽ തങ്ങൾ ശേഷകാലം ജീവിക്കാൻ തിരഞ്ഞെടുക്കുന്ന കുടുംബത്തിലെ മറ്റുള്ള അംഗങ്ങളുടെ മനസ്സിൽ തനിക്ക് സ്ഥാനം വേണമെങ്കിൽ സ്ത്രീധനം സംഭാവനയായി നൽകണമെന്ന മൂഢധാരണയുമായി ജീവിച്ചിരുന്നവരാണ് ഭൂരിഭാഗം സ്ത്രീകളും. ഇന്നും ഈ പ്രവണത മാറിയിട്ടുണ്ടോ എന്ന ചോദ്യത്തിന് മാറിയിട്ടുണ്ട് എന്ന് സംശയത്തോടെ അല്ലാതെ ഉത്തരം നൽകാൻ സാധിക്കില്ല.

സ്ത്രീധനക്കുരുതികൾ തുടർനാടകം പോലെ ദിനംപ്രതി അരങ്ങേറുമ്പോൾ നമ്മിൽ ഭൂരിഭാഗം പേരും വായില്ലാക്കുന്നിലപ്പന്മാരായി നിലകൊള്ളുന്നു. സമൂഹത്തിന്റെ മുക്കാൽ ശതമാനം വ്യക്തികളും ബാക്കിയുള്ള കാൽ ശതമാനം വ്യക്തികളുടെ അഭിപ്രായങ്ങൾ വിഴുങ്ങി അത് സാമൂഹിക മാധ്യമങ്ങൾ വഴി അവരുടേതെന്ന തരത്തിൽ പങ്കുവച്ച് പ്രശ്നത്തിനെ നൈമിഷികമായി ഉൾക്കൊണ്ടശേഷം ജലത്തിൽ വരച്ച രേഖ പോലെ മായിച്ചുകളയുന്നു. ഇതിൽ നിന്നും മനസ്സിലാകും സ്ത്രീധനം നിയമപരമോ നിയമവിരുദ്ധമോ എന്ന മിഥ്യാധാരണയുടെ പുറത്താണ് ഇതെല്ലാം ചെയ്തുകൂട്ടുന്നതെന്ന്. പിന്നിട്ട 5 വർഷങ്ങൾക്കുള്ളിൽ സ്ത്രീധനത്തിന്റെ പേരിൽ മാത്രം 66 പെൺകുട്ടികളാണ് ജീവിതം ഹോമിച്ചത്. ഉത്രയും വിസ്മയും എല്ലാം സ്ത്രീധനക്കുരുതിയിലെ പുറത്തുവന്ന ചില അധ്യായങ്ങൾ മാത്രം. അപ്പോഴെല്ലാം ജനങ്ങൾ പറഞ്ഞിരുന്നത് ഇത്തരത്തിലുള്ള സ്ത്രീധനമരങ്ങൾക്ക് കാരണമായവരെ നിയമത്തിനുമുന്നിൽ കൊണ്ടുവന്നു തൂക്കുകയർ നൽകണമെന്നാണ്. എന്നാൽ ആരാണ് ഇത്തരത്തിലുള്ള സ്ത്രീധന പീഢന മരണങ്ങൾക്ക് കാണമെന്ന് ചോദിച്ചാൽ നിസ്സംശയം പറയാം എത്ര കൊടുത്തു? എത്ര വാങ്ങി? എത്ര കിട്ടി? എന്ന ചോദ്യങ്ങൾ ഉന്നയിച്ചിരുന്നവരും ഇപ്പോഴും ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഈ സമൂഹത്തിലെ ഓരോരുത്തരും ആയിരുന്നെന്ന്. ഇത്തരത്തിൽ അഭിപ്രായമുള്ളവരുടെ വൈവാഹിക ജീവിതമെടുത്താൽ സ്ത്രീധനം എന്നത് അവരുടെ ജീവിതത്തിന്റെ സുഖകരമായ പോക്കിനും ഇരുകുടുംബങ്ങളുടെ ആരോഗ്യകരമായ ബന്ധത്തിനു അനിവാര്യമായിരുന്നെന്നു വ്യക്തമാകും.

സ്ത്രീധനം എന്ന സാമൂഹിക വിപത്തിനെതിരെ തുനിഞ്ഞിറങ്ങിയാൽ തന്റെ സഹോദരിമാർക്കോ പെൺമക്കൾക്കോ വൈവാഹിക ജീവിതം നഷ്ടമാകുമോ എന്ന മൂഢാശങ്ക ഏതൊരാളുടെ മനസ്സിനെയും സ്വാധീനിക്കുന്നു. ഈ ആശങ്ക സ്വന്തം ആദർശങ്ങൾ പോലും നിഷ്ഫമാക്കുന്ന അവസ്ഥ ഉണ്ടാക്കുന്നു. 1961 ൽ നിലവിൽ വന്ന സ്ത്രീധന നിരോധന നിയമത്തെ ആളുകൾ ഉൾക്കൊള്ളാൻ തുടങ്ങിയത് ഈ അടുത്തകാലത്താണെന്നുള്ളത് സാക്ഷരകേരളത്തിന് ലജ്ജാകരം തന്നെയാണ്. അതിനുകാരണം സ്ത്രീധനം എന്ന ദുരാചാരത്തെ ധ്വംസിക്കാൻ ഭൂരിഭാഗം ജനങ്ങളും തയ്യാറായിരുന്നില്ല എന്നതാണ്.

***ഇന്നലെചെയ്തൊരബദ്ധം***
***ലോകർക്കിന്നത്തെയാചാരമാകാം***
***നാളത്തെ ശാസ്ത്രമതാകാം ഇതിൽ***
***സമ്മതം മൂളായ്ക രാജൻ***

1922 കുമാരനാശാൻ എഴുതിയ ചണ്ഡാലഭിക്ഷുകിയിലെ ഈ വരികൾ തന്നെ ധാരാളമാണ് സ്ത്രീധനം എന്ന മഹാവിപത്തിനെ സൂചിപ്പിക്കാൻ. ആധുനികതയുടെ ആദർശങ്ങളെയും സാങ്കേതിക വിദ്യകളെയും കൈമുതലാക്കി ജീവിക്കുന്ന യുവജനതയ്ക്ക് ഭൂതകാലത്തിന്റെ ജ്വരബാധിത മസ്തിഷ്ക ചിന്തകളിൽ നിന്നുദിച്ച സ്ത്രീധനം എന്ന ദുരാചാരത്തിന്റെ വിത്തുകളെയും വേരുകളെയും ഭൂതകാലത്തിന്റെ ചവിട്ടുകൊട്ടയിലേക്ക് തന്നെ വലിച്ചെറിഞ്ഞ്, പുരോഗമന നവോത്ഥാന മൂല്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട് സ്ത്രീധനം നിയമവിരുദ്ധം എന്ന് ഉറക്കെ പറയാനുള്ള ആർജ്ജവം ഉണ്ടാകട്ടെ.



**Vishal K. S.**
Bsc IInd Year



# വസന്തകാലം

ജീവനിൽ കുളിരേകിടും കാലമേ...
നിദ്രയിൽ സ്വപ്നസ്വർഗ്ഗങ്ങളേകിടും
ജീവിതഭാരങ്ങൾ താങ്ങിടും വേളയിൽ
നീയെൻ പത്നിയായി മാറിടും അറിയാതെ
ജീവിതോദ്ദേശ്യങ്ങൾ ഖണ്ഡിക്കും വേളയിൽ
എൻ മനധാത്രിയായി മാറിടും കാലമേ..

നിൻ ആഗമനം ആനന്ദമോ
നിൻ ആഗമനം അശ്രുവോ? അതോ
നിൻ ആഗമനം ആനന്ദാശ്രുവോ?
ജീവിതനൗകയിൽ നീയെൻ
ഐശ്വര്യ സുഭാഷണിയോ?
ജീവിത വാരികയാം ഓർമ്മയിൽ
നീയെൻ പ്രഭാകരരണം മാത്രമേ

നാട്യമാകുന്നൊരീ ശൈശവ ബാല്യവും
ചോദ്യമാകുന്നോരീ കൗമാര യൗവ്വനം
മുജ്ജന്മപാപം പേറിടും വാർദ്ധക്യവും
ജീവിതയവനിക താണിടും നാളിലും

നിൻ ഋതുലക്ഷ്യങ്ങൾ സഫലമായി മാറിടും
ജീവിതാന്ധകാരം ശമിപ്പിച്ചിടും നീയേ
എൻ മന വ്രണത്തെ ശമിപ്പിച്ചിടും നീയേ
നീ താൻ എൻ മൃതസഞ്ജീവനി..
സഹസ്രമാം ജീവിതം പേറിടും
പ്രപഞ്ചത്തെ ആർദ്രമായി, തഴുകിടും നിൻ
ആർദ്രഹസ്തങ്ങൾ
നീയെൻ ജന്മസാഫല്യം
നീയെൻ ജീവരക്തം
നീ എൻ പ്രീയ വസന്തകാലം...



**Rino Roy**
Bsc IInd Year



# വേർപാട്

സൂര്യാംശു കിരണങ്ങൾ തലോടിമടങ്ങുന്നീ
സന്ധ്യനേരം എന്തെന്നറിയാതെയുള്ള മടക്കം
കണ്ടീഭൂമി തേങ്ങുന്നൊരൊച്ച കേൾക്കാമെവിടെയോ
പോയ്മറഞ്ഞ പ്രിയതമൻ പിന്നിൽ വന്നുവോ
അറിയാതെ പൊഴിഞ്ഞൊരീ ബാഷ്പത്തുള്ളിയിൽ
തിളങ്ങിനിൽക്കുന്നൊരീ പൂവിനിന്നറിയുമോ
വേർപാടിൻനൊമ്പരം കനലെരിയുന്ന തീനാളം പോൽ
ആത്മാവ് വെന്തെരിയുന്നു. ഹൃദമിടിപ്പ് നിലച്ചുവോ?
കണ്ണുനീർകലർന്നെൻ സീമന്തരേഖ മാഞ്ഞുവോ? വിടചൊല്ലവേ
സന്ധ്യക്കിന്നറിയാം ഏകാന്തതൻ മൗനം...



**Fathima Nizamudeem**
Msc Ist Year



# GRIEFS AND PANGS OF A MOTHER

O child of the earth,
Here you not the cries of your mother? Feel you not the pangs of her grief?
Share you not the burden of her sorrow?

See you, the dreadful shroud of smoke she wears?
Her gentle rain of merciful love,
Wrought to acid, then to murk-
Now raining hell on those she did love.

See you, the putrid sludge she swims in?
Clean brooks gurgle the Nature's rhythm no more, Wide oceans transformed to vast sewers- Resembling no more what is once had been...

See you, her green garb of forests still?
Their fluttering branches caressed by the breeze, Now apart from her once playmate, the wind- Rages in gales of dust; dry spells that never spill

See you, the orb of books down from the skies?
The warmth of their embrace comforts her no more, The heat of their tension burn her so-
It dries her nurturing skin and meets her caps of ice.

See you, your fellows, the birds and the beasts?
They that thrived and flourished in her womb of love,
Caused to flee from their riches, when now-
The so called child of the earth for mirth kills and feasts.

O child of earth, who has witnessed her ruin, Hear you not her pitiful wails?
Feel you not the slightest compassion?
To share the cross borne by your mother?



**Revathy .S**
BSC [2nd year]



# ചാപല്യം

കരളിന്റെ നോവിനാൽ
പൊള്ളിടുന്നെൻ മനം
ആ നീറു നോവിനൊരു സാക്ഷി
ഓർക്കുന്നു ഞാനെന്റെ
കൗമാര കാലത്തു
ഹൃത്തിലായി പൂത്തൊരാ തോഴിയെ
ഇനി എന്നു കാണുമെന്നറിവതില്ല
പക്ഷേ...
മറക്കാതെ കാത്തിടാം നെഞ്ചിനുള്ളിൽ
കാലം കടന്നുപോയ്
ഓർമ്മകൾ മാഞ്ഞുപോയ്
മങ്ങാത്ത നോവുകൾ
എന്നിലുമാഴ്ന്നു പോയ്
കാതിന്റെ കോണിലായി
ഇന്നും മുഴങ്ങുന്നു
കാലന്റെ ആജ്ഞപോൽ

നീ ചൊന്ന വാക്കുകൾ
താരവും സൂര്യനും മേഘവും
സാക്ഷിയാം
ആ നല്ല നാളുകൾ മണ്ണിലായി
ആഴ്ന്നുപോയ്
വീണ്ടും വരില്ലോരാ നല്ല നാളുകൾ
നോവിന്റെ ചാപല്യമേറെയാണ്



**Deva prasad**
Bsc Ist Year




മഴ ഒരു നനഞ്ഞ വാക്കാണ്
മിഴിയും അതുപോലെ
വെയിൽ ഒരു കത്തുന്ന വാക്കാണ്
വിരഹവും അതുപോലെ
കാത്തിരിപ്പ് ഒരു കനമുള്ള വാക്കാണ്
കാലവും അതുപോലെ
നിലാവ് ഒരു നിറമുള്ള വാക്കാണ്
കിനാവും അതുപോലെ
കടൽ ഒരു വറ്റാത്ത വാക്കാണ്
കണ്ണുനീരും അതുപോലെ
കുട ഒരു ചോരാത്ത വാക്കാണ്
കൂട്ടുകാരും അതുപോലെ
ഹൃദയമൊരു തുടിക്കുന്ന വാക്കാണ്
പ്രണയവും അതുപോലെ
മൗനമൊരു തനിച്ചായിപ്പോയ വാക്കാണ്
ഭ്രാന്തനും അതുപോലെ
അമ്മയൊരു അറ്റമില്ലാത്ത വാക്കാണ്
ആകാശവും അതുപോലെ
അച്ഛനൊരു കെട്ടുറപ്പുള്ള വാക്കാണ്
കോട്ടമതിലും അതുപോലെ
ഭാര്യയും ഭർത്താവും ഒരേ ദിശയിലേക്ക്
നീണ്ടു കിടന്നിട്ടും ഒരിക്കലും
കൂട്ടിമുട്ടാത്ത വാക്കാണ്
റെയിൽപ്പാളവും അതുപോലെ
നമ്മൾ ഒരു കെട്ടുപിണഞ്ഞ വാക്കാണ്
നന്മതിന്മയും അതുപോലെ
വിശ്വാസവും ഏതുനേരം വേണമെങ്കിലും
കീറിപ്പോകാവുന്ന വാക്കാണ്
കടലാസും അതുപോലെ
കവിത ഇനിയും എഴുതിത്തീരാത്ത ഒരു
വാക്കാണ്
ജീവിതവും അതുപോലെ



**Sinara Siraj**
Bsc IIIrd Year



# BE UNIQUE

If people aren't different, how are we going to get anywhere in life?... Society tells us that in order to 'fit in'  we all must be the same. This is not valuable because when we all act same, nothing new will ever come out.

When you try to 'fit in', you may start to conform to things with you which you don't agree. Which may create to lose a sense of good or wrong according to your personality. Dr Seuss , once said," who you are and what you feel; because those who mind don't matter , and those who don't mind. " These quotes tell us to be unique and act as we were made. When people conform to one another they begin to live their lives the way others want them to; not the way they want to live out their lives. A small example : if you are told that drinking is okay with your friends, at some point you may forget your morals and go along with it solely because they are doing it.

"Uniqueness is what creates the world".



**Neethu S Nair**
BSc IInd Year

# തുറന്ന പുസ്തകം



അവസാനമില്ലാതെ സാധ്യതകൾ നിറഞ്ഞൊരു പ്രപഞ്ചം കവിഞ്ഞൊഴുകുന്ന ചോദ്യങ്ങളും അതിനു അന്ധമില്ലാത്ത ഉത്തരങ്ങളും പിടിച്ചുവെക്കാൻ ശ്രമിക്കുന്തോറും വഴുതി പോകുന്ന കുറെ ചെറിയ വലിയ നിമിഷങ്ങൾ.

എന്നിരുന്നാലും ജീവിതത്തിന്റെ നശ്വരതയെക്കുറിച്ച് യാതൊരു അങ്കലാപ്പും ഇല്ലാതെ ജീവിച്ചു മരിക്കുന്നവരാണ് നമ്മളിൽ ഏറെയും. എന്റെ അഭിപ്രായത്തിൽ ശ്രീനാരായണഗുരുവും, ശ്രീബുദ്ധനും, സ്വാമി വിവേകാനന്ദനും പോലുള്ള ചുരുക്കം ചിലയാളുകളൊഴികെ ഞാനുൾപ്പെടുന്ന വലിയൊരു കൂട്ടം മനുഷ്യരും പൊട്ടക്കിണറ്റിലെ തവളകൾത്തന്നെയാണ്. ഈ സമൂഹത്തിൽ എല്ലാവരും അവരവരുടെ പൊട്ടക്കിണറ്റിൽ കിടന്ന് സ്വന്തം സങ്കൽപ്പങ്ങൾക്കനുസരിച്ച് ജീവിതത്തിന് വ്യാഖ്യാനം കണ്ടെത്തുന്നു. സമൂഹത്തിലെ ഏറ്റവും വലിയ പൊട്ടക്കിണറ്റിലുള്ളവരുടെ വ്യാഖ്യാനങ്ങൾ നമ്മൾ പൊതുവേ അംഗീകരിക്കുന്നു. ഇവിടെയുള്ള എല്ലാ പൊട്ടക്കിണറുകളും സ്ഥിതിചെയ്യുന്നത് ശാരീരികവും നൈമിഷികമുവമായ സുഖവും ദുഃഖങ്ങളും ചുറ്റിപ്പറ്റിയാണ്. ഞാൻ എന്ന മനുഷ്യന്റെ ഇടുങ്ങിയ ചിന്താഗതിയാണ് നമ്മൾ അകപ്പെട്ടിരിക്കുന്ന ഈ പൊട്ടക്കിണറിന്റെ ആക്കം കൂട്ടുന്നത്. ഏതൊരുവൻ ഈ സത്യം മനസ്സിലാക്കുന്നുവോ അവൻ പിന്നെ സ്വതന്ത്രനാണ്. അവനെപ്പോലെയുള്ള ചുരുക്കം ചില ആളുകളാണ് നശ്വരമായ ജന്മ മരണ വഴിയാത്രയിൽ ചരിത്രം കുറിച്ച് മടങ്ങുന്നവർ അവർക്ക് മരണമില്ല. അവരുടെ ജീവിതവും ചിന്താരീതിയും തുടർന്നുവരുന്ന തലമുറകൾക്ക് പുതിയൊരു പാത മുന്നോട്ടുവയ്ക്കുന്നു.

ചരിത്രം ഒരിക്കലും വ്യഥാവിൽ ആകില്ല. കാലചക്രം കറങ്ങി തെളിയുമ്പോൾ ചരിത്രമാകുന്ന താളുകളിൽ ഇവരെപ്പോലെയുള്ള മഹോന്നതന്മാർ മുന്നോട്ടുവെച്ച ആശയങ്ങളും ജീവിത രീതികളും പൊൻപ്രഭയോടെ ജ്വലിച്ചു നിൽക്കുക തന്നെ ചെയ്യും.



**Saffan S.**
Bsc Ist Year



# അനുരാഗികളുടെ ആകാശം

എനിക്ക് അനുരാഗികളുടെ ആകാശത്ത് പറക്കണം
ഞാനിതാ പ്രണയിതാക്കളുടെ സമുദ്രത്തിൽ നീന്തിത്തുടിക്കാൻ പോകുന്നു.
അതിനായി ഞാൻ ഏഴു താഴ്‌വാരങ്ങളിലൂടെ യാത്രചെയ്യും
ആരോ പറഞ്ഞതുപോലെ
സംശയങ്ങളുടെ താഴ്‌വാരം
ഇവിടെ എന്റെ എല്ലാ വിശ്വാസവും അവിശ്വാസവും തോറ്റുപോകും
പ്രണയത്തിന്റെ താഴ്‌വാരം
ഇവിടുത്തെ സ്നേഹത്തിന് മുന്നിൽ  സംശയങ്ങൾ ഒന്നുമല്ലാതാകുന്നു
അറിവിന്റെ താഴ്‌വാരം
ഇവിടെ പ്രായോഗിക അറിവുകളും സിദ്ധാന്തങ്ങളും തികച്ചും ഉപയോഗശൂന്യമാകുന്നു
വേർപിരിയലിന്റെ താഴ്‌വാരം
എന്റെ എല്ലാ ആഗ്രഹങ്ങളും ബന്ധങ്ങളും മാഞ്ഞുപോകുന്നു
ഒത്തുചേരലിന്റെ താഴ്‌വാരം
എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഞാൻ
മനസ്സിലാക്കുന്നു.
ഈ കാണുന്നതിനെല്ലാം അതീതനാണ് എന്റെ പ്രീയപ്പെട്ടവൻ
അത്ഭുതങ്ങളുടെ താഴ്‌വാരം
പ്രീയപ്പെട്ടവന്റെ സൗന്ദര്യത്തിൽ ഞാൻ ആകൃഷ്ടനാവുകയും ആശയക്കുഴപ്പത്തിൽ ആവു
കയും ചെയ്യുന്നു.
ഞാൻ അറിഞ്ഞതൊന്നും അറിവായിരുന്നില്ല എന്ന് ഞാൻ തിരിച്ചറിയുന്നു
തുടക്കത്തിന്റെയും ഒടുക്കത്തെയും താഴ്‌വാരം
ഇവിടെ ഞാൻ പ്രപഞ്ചത്തിലേക്ക് സ്വയം അലിഞ്ഞുചേരുന്നു



ഞാൻ പൂർണ്ണമായും ആത്മാവിന്റെ ലോകത്തിലേക്ക് കടക്കുന്നു
ഇവിടെ സമയത്തിന് പ്രസക്തിയില്ല ഭാവിയിലും ഭൂതത്തിലും ഞാൻ നിലനിൽക്കു
ന്നു.
ഞാൻ എന്റെ പ്രീയപ്പെട്ട നാഥനെ പുണരുന്നു..
ഈ പ്രപഞ്ചത്തിന്റെ നാഥനെ
ഇപ്പോൾ ഇതെന്റെ സ്വപ്നമാണ്
യാത്ര അവസാനിക്കുമ്പോൾ ഇതാണ് യാഥാർത്ഥ്യം
എനിക്ക് അനുരാഗികളുടെ ആകാശത്ത് പറക്കണം
എനിക്ക് പ്രണയിതാക്കളുടെ സമുദ്രത്തിൽ നീന്തിത്തുടിക്കണം
ഇത് ആണ് എന്നിലെ എന്നെ കണ്ടെത്താനുള്ള ഏക മാർഗ്ഗം
പ്രകാശത്തിന്റെ പ്രകാശം
ആ ദിവ്യ പ്രണയമാകുന്ന പ്രകാശം ഞാൻ അനുഭവിക്കും
അത് വല്ലാത്തൊരു അനുഭൂതിയാണ്.
പ്രകാശത്തിന് മേലുള്ള പ്രകാശം
സൗന്ദര്യത്തിനു മേലുള്ള സൗന്ദര്യം
കറുപ്പിലും വെളുപ്പിലും ഉള്ള സൗന്ദര്യം
ഞാൻ എന്ന അസ്തിത്വം പിന്നെ നിലനിൽക്കില്ല
ഞാൻ അവനായി മാറും
എന്റെ പ്രീയപ്പെട്ടവനായി
അവൻ എന്നെന്നേക്കും നിലനിൽക്കും
അവൻ മാത്രം
എന്റെ പ്രീയപ്പെട്ട
എന്റെ നാഥൻ



**Uvayis**
Bsc Ist Year



# Smile

When oppressed or depressed
When deeply distressed Under a
mountain of worry
Just smile .

When wrongly criticized
Ridiculed or slandered
Don't be shy or bitter
But smile. Just Smile

When you have promises to keep
Miles to go before you sleep
Just stop for a while
And keep a smile

When tragedy strikes
With its might
When dearest one depart
Have a good cry for a while
Then a smile.
SMILE
JUST A SMILE FOREVER



**Devi Dini**
BSc 2nd Year



# കൊറോണ ലൗ സ്റ്റോറി

"ഡീ..........."

അവൾ പെട്ടെന്ന് ഞെട്ടിത്തിരിഞ്ഞു നോക്കി. അപ്പോഴാണ് നിലാവിന്റെ വെളിച്ചത്തിൽ ആ മുഖം അവൾ കാണുന്നത്. വലിയ ഇരുട്ടൊന്നും ഇല്ലാത്തതിനാൽ വൈഗയ്ക്ക് ആളെ മനസ്സിലായി.

"എന്റെ കൃഷ്ണാ.... ഇയാളോ..." അവൾ മനസ്സിൽ പറഞ്ഞുപോയി.

കൊറോണ കാരണം അവധി കിട്ടി വീട്ടിൽ ഇരുന്നപ്പോഴാണ് കൂട്ടുകാരി നിത്യയെ കാണാം എന്നുകരുതി പുറത്തേക്കിറങ്ങിയത്. നാട്ടുവഴിയിലൂടെ നടന്നു റോഡിൽ എത്തിയപ്പോഴാണ് മാസ്ക് വെച്ചില്ല എന്നോർത്തത്. പക്ഷേ അത് ഓർത്തത് പോലീസിനെ കണ്ടിട്ടാണ് എന്ന് മാത്രം. അപ്പോൾ തന്നെ മാസ്ക് വെച്ചില്ല എന്നും പറഞ്ഞ് എന്നെക്കൊണ്ട് ഫൈൻ അടപ്പിച്ചു.നോക്കുമ്പോൾ പുതിയതായി നാട്ടിൽ ചാർജ്ജെടുത്ത എസ്ഐ ദാ മുന്നിൽ നിൽക്കുന്നു. അപ്പോഴാണ് രാവിലെ അച്ഛൻ പറഞ്ഞത് ഓർത്തത് പുതിയ ചാർജ് എടുത്തെന്നത്.അടുത്തു നിന്ന് ഒരു കോൺസ്റ്റബിൾ പറയുന്നത് കേട്ടു 'കാശിനാഥ്' എന്നാണ് എന്നെക്കൊണ്ട് ഫൈൻ അടപ്പിച്ച ആ പുലിയുടെ പേരെന്ന്.

" നിനക്കെന്താ ചെവി കേൾക്കില്ലേ?..... "

വീണ്ടും ഉള്ള അലർച്ച കേട്ടാണ് വൈഗ ചിന്തയിൽ നിന്നുണർന്നത്.

" ഈ പാതിരാത്രി നീ എന്താ ഇവിടെ...? "

"അ.. അത്."

" എന്ത്യേ..നിനക്ക് വിക്ക് ഉണ്ടോ?'

"ഇ... ഇല്ല, ഇല്ല."

ഇമ്മാതിരി പേടിപ്പിച്ചു നോക്കിയാൽ ആരായാലും വിക്കി പോകും.ഇയാൾക്ക് ഒരു മയത്തിൽ ചോദിച്ചു കൂടെ. ഇയാളെ എങ്ങനെയാണ് ആവോ വീട്ടുകാർ സഹിക്കുന്നേ.അവരെ കണ്ടാൽ ഞാൻ എന്റെ വക ഒരു ഗപ്പ് വാങ്ങിക്കൊടുത്തേനെ...അവൾ മനസ്സിൽ പിറുപിറുത്തു.

"എന്താടീ?, നിനക്ക് നടക്കില്ലേ?"

കാശി വീണ്ടും ചോദിച്ചു.

"അത്.. അത് പിന്നെ.. ഞാൻ ക..... കഥ."

അവൾ പേടിച്ചു പേടിച്ച് പറയാൻ തുടങ്ങി.

"എന്ത്? കഥകളിയോ?"

" കഥകളിയല്ല കുച്ചിപ്പുടി " അവൾ മനസ്സിൽ പറഞ്ഞു.

"എന്തോന്ന്? " അവൻ വീണ്ടും ചോദിച്ചു.

"അത്... പിന്നെ, കോളേജിൽ സ്റ്റോറി റൈറ്റിംഗ് മത്സരം ഉണ്ട്.അപ്പൊ,അതിന് കഥ എഴുതാൻ.."

"കഥ എഴുതാൻ.. ബാക്കി പറ..."

" ഇവിടെ വന്നിരുന്നാൽ എഴുതാൻ ഒരു ഭാവന വരൂല്ലോന്ന് കരുതി... "

"ഇവിടെ ഇരുന്നാ ഭാവന അല്ല.. വേറെ ആരേലും വരും".

"ഓ... തമാശയായിരുന്നോ, ഞാൻ ചിരിച്ചു"അവൾ മനസ്സിൽ പറഞ്ഞു.

" അല്ല എന്തിനെപ്പറ്റി കഥ എഴുതാനാ വന്നേ?" "കൊറോണ ലൗ സ്റ്റോറി"

"ആ... ബെസ്റ്റ്."



പെട്ടെന്നാണ് ഒരു ശബ്ദം കേട്ടത്.
സ്..... സ്സ്..... സ്.....
വൈഗ ചുറ്റും നോക്കി.
"അയ്യോ....യ്യോ.... പാ.... പാമ്പ്......"
അവൾ വിളിച്ചു കൂവാൻ നിന്നതും
" ദൈവമേ...ഈ പേടിത്തൊണ്ടി നാട്ടുകാരെ കൂട്ടൂല്ലോ" എന്നോർത്ത് കാശ് വേഗം അവൾക്ക് അടുത്ത് ചെന്ന് പറഞ്ഞു
" മിണ്ടാതിരിക്കടി... "

അവൻ അടുത്ത് കണ്ട ഒരു കമ്പെടുത്ത് അതിനെ ഓടിച്ചു വിട്ടു.
" ഇയാളാരാ.....പരമശിവനോ, പാമ്പിനെ പിടിക്കാൻ അവൾ ഓർത്തു.
അപ്പോഴാണ്, പടിക്കെട്ടിൽ വെച്ച ഡയറിയിൽ നിന്ന് കടലാസ്സുകൾ തണുത്ത കാറ്റിൽ പറന്നു പോയത്.
അവൾ വേഗം തന്നെ അതെല്ലാം എടുത്തു, കാശിയും അവളെ സഹായിച്ചു.
"അല്ല, സാറെന്താ ഇവിടെ?"
"എന്താ?"
"ഒന്നൂല്ല ". വേണ്ട ഇത് ചോദിച്ചിട്ട് വേണം വേറെ പണി കിട്ടാൻ. (വൈഗ ).
" അധികം ചുറ്റിക്കറങ്ങാതെ മോള് വീട്ടിൽ പോകാൻ നോക്ക് "
"അ... അത് "
"എന്താ?"
"എനിക്ക് പേടിയ."
"പേടിയോ?"
"ആ.. പാമ്പിനെ"
" ഇവിടെ ഒറ്റക്ക് വന്നപ്പോ പേടിയൊന്നും ഉണ്ടായില്ലല്ലോ? അതുപോലങ്ങ് പോയാ മതി. "

അവൾ തിരികെ പോകാൻ തുടങ്ങിയതും കാശ് പറഞ്ഞു : "നിക്ക് ഞാനും വരാം". അവളുടെ ഒപ്പം അവനും വീട്ടിലേക്കുള്ള വഴിയിലേക്ക് കേറി. അവൾ വാതിൽ തുറന്ന് അകത്തേക്ക് കയറുന്നത് നോക്കി അവൻ വീടിന്റെ ഗേറ്റ് നടത്തുനിന്നു. വൈക പോയെന്ന് ഉറപ്പ് വരുത്തി കാശ് ഇടവഴിയിൽ വച്ച് ബുള്ളറ്റ് സ്റ്റാർട്ട് ചെയ്ത് അവിടെ നിന്ന് പോന്നു. ഗൗരവം നിറഞ്ഞ മുഖത്ത് അപ്പോഴാ ഒരു പുഞ്ചിരി തെളിഞ്ഞു. കാറ്റിൽ,വൈഗയുടെ ഡയറിയിൽ താളിൽ നിന്നും പുറത്തേക്ക് വീണ മയിൽപ്പി അപ്പോഴേക്കും കാശിയുടെ പോക്കറ്റിൽ ഇടം പിടിച്ചിരുന്നു. യാത്രയിൽ എപ്പോഴോ തണുത്ത കാറ്റ് അവനെ ഉണർന്നപ്പോൾ ആ മയിൽപീലി നെഞ്ചോട് ചേർത്ത് വച്ചു." ആർക്കും വിട്ടുകൊടുക്കില്ല എന്ന പോലെ". എപ്പോഴോ ഹൃദയത്തിന്റെ ഒരു കോണിൽ ആ മയിൽപീലിയുടെ ചന്തം നിറഞ്ഞു നിൽക്കുന്നത് അവനും അറിഞ്ഞിരുന്നു.



**Anju Chandrabose**
Msc Ist Year

# DRAWINGS





**Keertha R Chandran**
Bsc IInd Year





**Ahsana**
Bsc Ist Year






**Alphiya Francis**
Msc 1st Year



**V.S Sabareenath**
Bsc1st Year



# COLLEGE DAY




# FOOD SAFETY DAY




# EAT RIGHT INDIA MOVEMENT







ONAM CELEBRATION



CHRISTMAS CELEBRATION



HOLI



HUMAN RIGHTS DAY




FOSTAC TRAINING




FCI VISIT




CTCRI VISIT

# ACHIEVEMENTS

## M.G.UNIVERSITY RANK HOLDERS
### BSc FOOD TECHNOLOGY AND QUALITY ASSURANCE



Anusree Prasannan
1st Rank



Meenu Babu
2nd Rank



Kalyani Vijayan
3rd Rank







## MAC FIESTA 2K 22 WINNERS



**Amina Shajudeen**
Cleared National Level Admission Test to
Qualify Higher Studies at
**CFTRI, MYSORE**



**Revathy Baiju**
MG University Kalolsavam 2022
Bharathanatyam 'A' Grade

COUNCIL FOR FOOD RESEARCH & DEVELOPMENT

CFRD

